ബുദ്ധിമുട്ടുകളുണ്ടെങ്കിൽ ഏറ്റെടുക്കുന്ന സ്ഥലത്തിനു പകരം ചീമേനി തുറന്ന ജയിലിൽ നിന്നും ഭൂമി വിട്ടു നൽകുന്നത് പരിഗണിക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിന് സർക്കാർ തലത്തിൽ ഇടപെടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുവാൻ പ്രത്യേക ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുന്നത് പരിഗണയിലുണ്ടോ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥലം ജയിൽ വകുപ്പിന് വിട്ടുതരുവാൻ വിസമ്മതം അറിയിച്ചിട്ടുണ്ട്.

(ബി) പ്ലാന്റേഷൻ കോർപ്പറേഷൻ ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ 10 ഏക്കർ സ്ഥലം ജയിലിന് നൽകുകയാണെങ്കിൽ ചീമേനി തുറന്ന ജയിലിലെ പ്ലാന്റേഷൻ ഭൂമിയോട് ചേർന്നു കിടക്കുന്ന 10 ഏക്കർ സ്ഥലം കൈമാറാമെന്ന് അറിയിച്ചിരുന്നെങ്കിലും സ്ഥലം വിട്ടുനൽകാൻ നിർവ്വാഹമില്ലെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി-ഇ) ജില്ലാ ജയിലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനായി ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ജില്ലാ ജയിൽ നിർമ്മാണത്തിന് ആവശ്യമായ സ്ഥല സൗകര്യം ഇതുവരെയും ലഭ്യമായിട്ടില്ല

വനം വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

354 (332) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കായി ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇടുക്കി നിയോജക മണ്ഡലത്തിൽ വനം വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇടുക്കി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്ക് മാത്രമായി ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. വനം വകുപ്പിലെ വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അലോട്ട്മെന്റ് ലഭിച്ച തുകകളിൽ നിന്നാണ് ചെലവ് നടത്തിയിട്ടുള്ളത്. പദ്ധതികൾക്കായി ഡിവിഷൻ തലത്തിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം-II ആയി ചേർക്കുന്നു*.

(സി) മൂന്നാർ ഡിവിഷൻ - ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന വീടുകളിൽ 23 വീടുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലും 124 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലുമാണ്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 5 ചെക്ക് ഡാമുകളുടെ നിർമ്മാണം, ട്രെക്ക് പാത്ത് (40 കി.മീ.), ഒരു സുരക്ഷാ ഭവൻ, 20 വാലായ്മ പുര, ഇക്കോ ഷോപ്പ്, ടെണ്ട്, 10 സത്രം, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ആയതിലേക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 130 ലക്ഷം രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 149 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇടമലക്കുടി സമഗ്ര വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന പെട്ടിമുടി-ഇഡ്ഡലിപ്പാറ റോഡിന്റെ ബാക്കി ജോലികൾ തുടർന്ന് വരുന്നതുമാണ്. ആയതിലേക്കായി 135 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതുമാണ്. നബാർഡ് (RIDF) XVII Scheme-ൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ അനുവാദം ലഭ്യമായിരുന്ന മൂന്നാർ റെയ്ഞ്ചിലെ പെട്ടിമുടി ഫോറസ്റ്റ് സ്റ്റേഷൻ കോംപ്ലക്സിൽ ഉൾപ്പെടുത്തിയിരുന്ന ഫോറസ്റ്റ് സ്റ്റേഷൻ ബിൽഡിംഗ്, ഡെപ്യൂട്ടി റെയിഞ്ചർ ക്വാർട്ടേഴ്സ്, തൊണ്ടി ഷെഡ് എന്നിവയുടെ ജോലികൾ ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്.

ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ - പദ്ധതികൾ പ്രകാരമുള്ള തൈകളുടെ ഉത്പാദനവും വിതരണവും എല്ലാ വർഷങ്ങളിലും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ളതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly